**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6508. 03.04.2018 -ലെ മറുപടിക്ക്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ സംയോജനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ ഒന്നിപ്പിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും ക്ഷേമനിധി ബോർഡുകളുടെ സംയോജനം മൂലം ലക്ഷ്യമിടുന്നു. സമാന രീതിയിൽ പ്രവർത്തിക്കുന്ന ബോർഡുകളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബോർഡുകളും ഏകീകരിക്കുന്നതു വഴി ഭരണ ചെലവ് കുറയ്ക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും സാധിക്കും. |
| (ബി) ഇപ്രകാരം ചെയ്യുന്നതിന് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; അറിയിക്കുമോ? | (ബി) ക്ഷേമനിധി ബോർഡുകൾ പുന:സംഘടിപ്പിക്കുന്നതു സംബന്ധിച്ച പഠനം നടത്തി മുൻ ലേബർ കമ്മീഷണർമാരായ ശ്രീ. പി.ജി. തോമസ്, ശ്രീ. ശ്രീനിവാസൻ എന്നിവർ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ